(ഡി) വിവിധ ജില്ലകളിലായി 165 കളങ്ങളുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

(ഇ) എം.എൽ.എ. ശിപാർശചെയ്ത പ്രകാരം ചേലക്കര നിയോജകമണ്ഡലത്തിലെ ദേശമംഗലം പഞ്ചായത്തിലെ പുത്തൻ കളത്തിന്റെ പ്രവൃത്തി 3 തവണ ടെണ്ടർ നടത്തിയിട്ടും. കരാറുകാർ ആരും തന്നെ ഏറ്റെടുക്കാൻ തയ്യാറാകാത്തതിനാൽ ക്വട്ടേഷൻവഴി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ജലസേചനവകുപ്പിലും വാട്ടർ അതോറിറ്റിയിലും അധികാരവികേന്ദ്രീകരണം

118 (4921) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചന വകുപ്പിലും വാട്ടർ അതോറിറ്റിയിലും അധികാര വികേന്ദ്രീകരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജലസേചനവകുപ്പിൽ അധികാര വികേന്ദ്രീകരണത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. കൂടാതെ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 14-9-1999-ലെ നടപടിക്രമം നം. KWA/HO/WN/33/97 പ്രകാരം ഉദ്യോഗസ്ഥരുടെ അധികാരം സംബന്ധിച്ചുള്ള നടപടികൾക്ക് വാട്ടർ അതോറിറ്റിയിലും ഉത്തരവായിട്ടുണ്ട്.

(ബി) ജലസേചനവകുപ്പിൽ ഓരോതരത്തിലുള്ള ഉദ്യോഗസ്ഥർക്കും ടെക്നിക്കൽ സാങ്ഷനും അഡ്മിനിസ്ട്രേറ്റീവ് സാങ്ഷനും പ്രത്യേക അധികാര പരിധി നിശ്ചയിച്ചിട്ടുണ്ട്. ഇതുമൂലം വർക്കുകൾ എസ്റ്റിമേറ്റിന് ആനുപാതികമായി പലതലത്തിലുള്ള ഉദ്യോഗസ്ഥരുടെ അനുമതിക്കായി നൽകുന്നതുകൊണ്ട് അവയ്ക്ക് വേഗത്തിൽ അനുമതി നൽകുന്നതിനും സമയബന്ധിതമായി തീർപ്പാക്കുന്നതിന് സാധിക്കും. അതുപോലെ വാട്ടർ അതോറിറ്റിയുടെ നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനും സേവനങ്ങൾ കൃത്യമായി ജനങ്ങളിലെത്തിക്കുന്നതിനും ഇത് സഹായിക്കും.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനായി ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ടെക്നിക്കൽ സാങ്ഷൻ തുടങ്ങിയവയിൽ അധികാര പരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* അതുപോലെ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 14-9-1999-ലെ നടപടിക്രമം നമ്പർ KWA/HO/WN/33/97 പ്രകാരം അധികാര വികേന്ദ്രീകരണത്തെ കുറിച്ചുള്ള വിശദമായ ഉത്തരവിറക്കുകയും ആയതിൻപ്രകാരം നടപടിക്രമങ്ങൾ പാലിച്ചു വരികയും ചെയ്യുവരുന്നു.

മലമ്പുഴ ജലസേചന പദ്ധതിയുടെ പുറമ്പോക്ക് ഭൂമി പാലക്കാട് മേഴ്സി കോളേജിന് വിട്ടുനൽകൽ

119 (4922) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലമ്പുഴ ജലസേചന പദ്ധതിയുടെ പുറമ്പോക്ക് ഭൂമി പാലക്കാട് മേഴ്സി കോളേജിന് കൈമാറുന്നത് സംബന്ധിച്ച് ജലസേചന വകുപ്പിന്റെ കൈവശമുള്ള 2689/ഐ. ആർ./2012/ഡബ്ല്യു.ആർ., 3692/ഐ. ആർ./2014/ഡബ്ല്യു.ആർ. എന്നീ ഫയലുകളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; പ്രസ്തുത ഫയലുകളിന്മേൽ തീർപ്പു കൽപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ;

(ബി) പ്രസ്തുത ഭൂമി മേഴ്സി കോളേജ് അധികാരികൾ ജലസേചന വകുപ്പിന് വിട്ടുതന്നിട്ടുള്ളതും ഇപ്പോൾ പുറമ്പോക്ക് ഭൂമിയായി കിടക്കുന്നതുമാണെന്ന വസ്തുത റവന്യൂ അധികാരികൾ അറിയിച്ചിട്ടുണ്ടോ ; ഈ ഭൂമി കൈമാറുന്നതിനുള്ള പ്രധാന തടസ്സം വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) മലമ്പുഴ ജലസേചന പദ്ധതിയുടെ പുറമ്പോക്ക് ഭൂമി പാലക്കാട് മേഴ്സി കോളേജിന് പാട്ടത്തിന് നൽകുന്ന വിഷയം ജലസേചന വകുപ്പിന്റെ 26589/ ഐആർ1/2012/ജവിവ നമ്പർ ഫയലിലാണ് കൈകാര്യം ചെയ്തത്. ജലവിഭവ വകുപ്പിന്റെ 2014-ലെ 3692 എന്ന തപാൽ ഈ ഫയലിന്റെ ഭാഗമാണ്. ഭൂമി പാട്ടത്തിന് നൽകാൻ ആക്ഷേപമില്ല എന്നറിയിച്ചുകൊണ്ട് ഈ ഫയൽ റവന്യൂ വകുപ്പിലേയ്ക്ക് കൈമാറിയിട്ടുണ്ട്. ആവശ്യം റവന്യൂ വകുപ്പിൽ 21214/എൽ1/2014/ റവ. നമ്പർ ഫയലിൽ പരിഗണിച്ചുവരികയാണ്. പ്രസ്തുത ഭൂമി മേഴ്സി കോളേജ് അധികാരികൾ ജലസേചനവകുപ്പിന് വിട്ടുനൽകിയിട്ടുള്ളതാണെന്ന് ജലവിഭവ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly